# അക്കാദമിക
# മാസ്റ്റർ പ്ലാൻ

# ക്ലാസ് ഒന്ന്

# 2025-26

Name of Teacher
Stellamma Sebastian

# ക്ലാസ് തല അക്കാദമിക മാസ്റ്റർ പ്ലാൻ

Std I

വിദ്യാലയത്തിന്റെ പേര് - ഗവ. എൽ. പി. സ്കൂൾ ചാവയ്ക്കൽ

<u>ഉള്ളടക്കം</u>

ആമുഖം

പ്രവർത്തന കലണ്ടർ

പ്രവർത്തന വിശദാംശങ്ങൾ

ക്ലാസിൽ പ്രതീക്ഷിക്കുന്ന മാറ്റം

<u>ആമുഖം</u>

പൊതു വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ കൂടുതൽ മെച്ചപ്പെടുത്തുക. സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികളെയും വിദ്യാലയ പഠനപ്രവർത്തനങ്ങളുടെ ഭാഗമാക്കുക എന്ന ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് പദ്ധതി ആവിഷ്കരിക്കുന്നത്. എഴുത്ത് വായന മറ്റ് അക്കാദമികനേട്ടങ്ങൾ എന്നിവയോടൊപ്പം കുട്ടിയുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾക്കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. പുതിയ വർഷത്തിൽ പഠനപ്രവർത്തനങ്ങൾ ശിശുസൗഹാർദപരവും കൂടുതൽ ആസ്വാദ്യകരമാക്കാനും രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പ് വരുത്താനും പദ്ധതി ലക്ഷ്യമിടുന്നു.

പ്രവർത്തന കലണ്ടർ

| Sl No. | പരിപാടിയുടെ പേര് | നിർവഹണ കാലം |
| --- | --- | --- |
| 1 | വായനോത്സവം<br>വായന ക്ലബ്, ചിത്രവായന | ജൂൺ മുതൽ മാ( |
| 2 | പാട്ടരങ്ങ് | |
| 3 | കഥോത്സവം | |
| 4 | സചിത്ര വർക്ക് ഷീറ്റുകൾ | |
| 5 | പത്രവായന | |
| 6 | സംയുക്ത ഡയറി എഴുത്ത് | |

പ്രവർത്തന വിശദാംശങ്ങൾ

1. വായനോത്സവം

വായനോത്സവത്തിന്റെ ഭാഗമായി സംയുക്ത വായനയിൽ തുടങ്ങി ബാലസാഹിത്യ കൃതികളുടെ വായനയിൽ അവസാനിക്കുന്ന പ്രവർത്തനമാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കി മാ( എന്നതാണ് പൊതു ലക്ഷ്യം.

ഉപ ലക്ഷ്യങ്ങൾ

- ഒന്നാം ക്ലാസിൽ എല്ലാ കുട്ടികൾക്കും വായിക്കാനുള്ള പുസ്തകശേഖരം ഉണ്ടാക്കുക.

- എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും ശേഷിയുള്ളവരാക്കുക
- രക്ഷിതാക്കളെ കുട്ടികളുടെ വായനയിൽ പങ്കാളിയാക്കുക.
- എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കുക.
- വായിച്ച് ശേഖരിച്ച ആശയങ്ങൾ പങ്കിടുന്നതിലൂടെ കുട്ടികളുടെ വാചിക അവതരണശേഷി വികസിപ്പിക്കുക.
- ആശയഗ്രഹണ വായന, ആസ്വാദ്യ വായന, എന്നിവ പ്രോത്സാഹിപ്പിക്കുക.
- കുട്ടികൾ വായനയിൽ നേടിയ ശേഷി പൊതു സമൂഹവുമായി പങ്കിടുക
- സ്വന്തമായി ഡയറി എഴുതുന്നു.

പ്രവർത്തന ഘട്ടങ്ങൾ ജൂൺ

- ക്ലാസ് ലൈബ്രറി ക്രമീകരിക്കൽ (ഒന്നാം ക്ലാസുകാരുടെ നിലവാരത്തിനനുയോജ്യമായ ചിത്രങ്ങൾ കൂടുതലും എഴുത്ത് കുറവുള്ളതും).

2 ക്ലാസ് പി.ടി.എ

- കുട്ടിയും രക്ഷിതാവും ചേർന്നുള്ള വായന പരിചയപ്പെടുത്തൽ
- പുസ്തകം ഓരോ കുട്ടിക്കും നൽകുന്നു.

3 അമ്മ വായിച്ചു കേൾപ്പിച്ച കഥ ക്ലാസിൽ പറയുന്നു. (ആശയ തുടർച്ച വേണ്ട)

4 വായിച്ച കഥയിലെ ഇഷ്ട കഥാപാത്രത്തെ ചിത്രീകരിക്കുന്നു. പേര് എഴുതുന്നു.

## ജൂലൈ

1 കഥാപുസ്തകം നൽകുന്നു. കുട്ടി ചിത്രം നോക്കി കഥ പറയുന്നു. (ഊഹിച്ച്)

2 അമ്മ കഥ വായിക്കുന്നു. ബാക്കി കഥാസന്ദർഭം ചിത്രം നോക്കി കുട്ടി ഊഹിച്ച് പറയുന്നു.

3 അമ്മ ഓരോ പേജായി ചിത്രസൂചകങ്ങൾ ചേർത്ത് ഓരോ വാക്യത്തിന് ചുവട്ടിലൂടെ വിരൽ ഓടിച്ച് വായിക്കുന്നു. കുട്ടി കേൾക്കു

4 രണ്ട് മൂന്നു തവണ അമ്മ വായിക്കുന്നു.

5 ആശയ ചോർച്ചയില്ലാതെ കുട്ടികൾ കഥ അവതരിപ്പിക്കുന്നു. അമ്മ ഇടപെടണം.

6 ക്ലാസ് പി.ടി.എ യിൽ കഥ അവതരണം.

## ആഗസ്റ്റ്

- കഥോത്സവം
- കഥാപുസ്തകങ്ങൾ വായിച്ചുകേട്ട കുട്ടികൾ ക്ലാസിൽ പങ്കിടുന്ന അവതരണം.
- ക്ലാസ് പി.ടി.എ. — പുസ്തകവായന, അവതരണം.

## സെപ്റ്റംബർ

- പുസ്തകം നോക്കി കുട്ടി വായിക്കാൻ ശ്രമിക്കു
  അമ്മയുടെ സഹായത്തോടെ വായിക്കുന്നു.
- രണ്ടു മൂന്നു തവണ വായിക്കുന്നു.
- ആശയം കുട്ടി തന്നെ പറയുന്നു.

## സെപ്റ്റംബർ

ചിഹ്നങ്ങൾ ഉറപ്പിക്കൽ, ചിഹ്നങ്ങൾ ഉറപ്പിക്കാൻ വേണ്ടി കൂടുതൽ പ്രവർത്തനങ്ങൾ നൽകുന്നു.

ലളിതമായ വായനക്കാർഡുകൾ തയാറാക്കുന്നു.

വായിക്കുന്നു.

## ഒക്ടോബർ

ചിത്ര വായന, ചിത്രവായനയിലൂടെ ചെറു വാക്യങ്ങൾ കണ്ടെത്തുന്നു വായിക്കുന്നു.

വായനോത്സവം സംഘടിപ്പിക്കൽ

ആസ്വാദ്യകരമായ വായന നടത്തൽ

ലൈബ്രറി പുസ്തക വായന

## നവംബർ

വരികൾ കൂട്ടിച്ചേർക്കൽ

ചിത്ര വായനയ്ക്ക് അവസരം ഒരുക്കൽ

## ഡിസംബർ

ചെറു വിവരണങ്ങൾ കുട്ടി സ്വന്തമായി തയാറാക്കൽ

ഉദാ: ആന
വലിയ ആന
കറുത്ത വലിയ ആന

## ജനുവരി

ചിത്രകഥ

ചെറുകഥകൾ കേൾക്കുന്നു.

ചിത്രം നോക്കി പറയുന്നു.

ചിത്രങ്ങൾ നോക്കി എഴുതാൻ ശ്രമിക്കുന്നു

## ഫെബ്രുവരി

കൂട്ടവായന - ബാലസാഹിത്യ കൃതികൾ പരസ്പരം സഹായിച്ച് ചിത്രകഥാ വായന നടത്തുന്നു.

## മാർച്ച്

കുട്ടികൾ തയാറാക്കിയ കഥകൾ, കവിതകൾ പ്രകാശനം

അമ്മ വായന - അമ്മയും കുട്ടിയും വായന

വീട്ടുവായന - വീഡിയോ നവമാധ്യമങ്ങൾ പങ്കിടുന്നു.

വീട്ടുവായന, അമ്മവായന, ചിത്രവായന, സ്വന്ത തുടങ്ങിയവ പ്രോത്സാഹിപ്പിക്കുന്നു.

സ്വന്തമായി എഴുതിയും വായിച്ചും വിദ്യാസര ഉറപ്പിക്കുന്നു.

ഗണിതം    class I

June to October

ലക്ഷ്യങ്ങൾ

ഒന്നുമുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയു
ന്നു എഴുതുന്നു.

സംഖ്യകൾ എഴുതുകയും വായിക്കുകയും
ചെയ്യുന്നു.

കൂടുതൽ കുറവ് തിരിച്ചറിയാൻ പഠിക്കുന്നു.

പ്രവർത്തനങ്ങൾ

സംഖ്യാബോധം

സംഖ്യകൾ തിരിച്ചറിഞ്ഞ് പറയുന്നു.

സംഖ്യാകാർഡ് നിർമ്മിക്കൽ

ഗണിത കിറ്റ് തയ്യാറാക്കൽ

വലിയ സംഖ്യ ചെറിയസംഖ്യ തിരിച്ചറിയൽ

(2) പ്രവർത്തനം

സംഖ്യാഗാനങ്ങൾ ആസ്വദിക്കൽ

സങ്കലനക്രിയ പരിചയപ്പെടൽ

ഒന്നിനോടൊന്നു കൂട്ടിയാൽ മറ്റൊരു സംഖ്യ
കിട്ടും.

ഒറ്റ സംഖ്യകൾ ഇരട്ട സംഖ്യകൾ തിരിച്ചറിയൽ

നവംബർ ഡിസംബർ

സങ്കലനം വ്യവകലനം തിരിച്ചറിവ്

ഉനാട്ടണം.

പരിസരപഠനം ക്ലാസ് - 1

ലക്ഷ്യങ്ങൾ

ചെടികൾ നിരീക്ഷിച്ച് പൂക്കളിൽ നിറവ്യത്യാസങ്ങൾ ഉണ്ടെന്ന് കണ്ടെത്തുന്നു.

വിവിധതരം സസ്യങ്ങൾ (ചെറിയ ചെടികൾ, മരങ്ങൾ) കണ്ടെത്തി പട്ടികപ്പെടുത്തുന്നു.

സസ്യങ്ങൾക്ക് വേര്, തണ്ട്, ഇല, പൂവ്, കായ് തുടങ്ങിയ ഭാഗങ്ങൾ ഉണ്ടെന്ന് നിരീക്ഷിച്ച് കണ്ടെത്തുന്നു.

പൂക്കളുടെ സാമ്യ വ്യത്യാസങ്ങൾ (നിറം, ഇതളുകളുടെ എണ്ണം, ചെറുത്, വലുത്) പട്ടികപ്പെടുത്തുന്നു.

നിറം, രുചി, ആകൃതി എന്നിവയിൽ പഴങ്ങൾ വ്യത്യസ്തമാണെന്ന് കണ്ടെത്തുന്നു.

പഴങ്ങൾ കഴിക്കുന്നത് ആരോഗ്യത്തിന് നല്ലതാണെന്ന് മനസ്സിലാക്കുന്നു.

(2) വർത്തനം ജൂൺ മുതൽ മാർച്ച് വരെ

(3) ക്ലാസ് നടത്താം ചുറ്റുപാടുകളെ

പലതരത്തിലുള്ള പൂക്കൾ പ്രദർശി
പ്പിക്കുന്നു.

സ്കൂളിൽ പൂന്തോട്ടം നിർമ്മിക്കു
പൂന്തോട്ടത്തിൽ നിന്നും ചെടികളെ
നിരീക്ഷിച്ച് അവയുടെ ഭാഗങ്ങൾ
കണ്ടെത്തുന്നു.

പച്ചക്കറികൾ, പഴങ്ങൾ, കിഴങ്ങും
പൂക്കൾ എന്നിവ കണ്ട് മനസ്സിലാക്കി
ഭക്ഷ്യയോഗ്യമായ ഭാഗങ്ങൾ കണ്ടെത്തുന്ന
രക്ഷിതാക്കളുടെ സഹായത്തോടെ തോട്ട
ങ്ങൾ നിർമ്മിക്കുന്നു. (ഫെബ്രുവരി, ഉ

5. English    Std I

June to March.

Aim

To speak read and write English without any mistake.

Skills

Listening skills and reading skills

Description, growing sentences

picture reading, riddles etc.

Story telling

Reading Skills

Find words from reading malirials

Rhyming words

Describing Words from text book activities

Writing skills

Make word web

Picture description

Conversation

Add more lines

Provides the opportunity to expres My self in the classroom, in th Assembly and in the CPTA

The classroom provides more opportunity to read write and English.

# 2025-26

# അക്കാദമിക

# മാസ്റ്റർപ്ലാൻ

# ക്ലാസ് 2

# അക്കാദമിക

# മാസ്റ്റർ പ്ലാൻ

സ്കൂൾ : ഗവൺമെന്റ് എൽ പി സ്കൂൾ പാവയ്ക്കൽ

ക്ലാസ് : II

2025 - 26

# ആമുഖം

ചാവശ്ശേരി ഗവൺമെന്റ് എൽ പി സ്കൂളിൽ 2025-26 അധ്യയന വർഷം രണ്ടാം ക്ലാസിലെ കുട്ടികൾക്കായി അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കി. ഒന്നിൽനിന്നും രണ്ടിലേക്കു വന്ന മുഴുവൻ കുട്ടികൾക്കും ഉയർന്ന പഠനനിലവാരം ഉറപ്പാക്കേണ്ടതുണ്ട്. ഇതിനായി ആസൂത്രിതമായ കർമ്മപരിപാടികൾ ആവശ്യമാണ്. പൊതുവിദ്യാഭ്യാസവകുപ്പ് ആവിഷ്കരിച്ചു നടപ്പിലാക്കുന്ന സമഗ്രഗുണമേന്മ പദ്ധതിയുടെ ഭാഗമായി ഈ വിദ്യാലയത്തിലെ രണ്ടാം ക്ലാസിലും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് കുട്ടികളിൽ പ്രകടമായ മാറ്റം ഉണ്ടാക്കുന്നതിനുവേണ്ടിയാണ്.

...മേഖല: ഗണിതം
...ാസ് II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ...ണിത ചിന്താ ...ശേഷി വളർത്തൽ | ഒരു ദിനം ഒരു ചോദ്യം (അസൈൻമെന്റുകളും ഗണിത പസിലുകളും പരിചയപ്പെടൽ) | ആഴ്ചയിൽ ഒന്ന് വീതം | SRG ക്ലാസ് ടീച്ചർ | SSA |
| | ഗണിതക്യാമ്പ് (ഗണിതം കളികളിലൂടെ) | മാസത്തിൽ ഒന്ന് വീതം | | |

| ...ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| ...മവിശ്വാസ ...ടെ ഇംഗ്ലീ ...ഷ് സംസാ ...വാനുള്ള ...സരമൊരു... | Let's talk ..... പ്രതിദിനമായി സംവദിക്കൽ | ആറുമാസത്തിലൊന്ന് ~~SRG~~ | SRG<br>Class Teacher<br>SMC | SSA |
| | English ബാലസഭ | മാസത്തിലൊന്ന് | | |
| | ഇംഗ്ലീഷ് അസംബ്ലി<br>One day English | ആഴ്ചയിലൊന്ന് | | |

| ...ം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ...ത്യബോധ<br>...വ്യക്തിത്വ<br>...സ്വഭാവം<br>...ക്കുന്നതിന് | ശുചിത്വ സർവ്വേ<br>ക്ലാസുകൾ<br>പോസ്റ്റർ രചനാ<br>മത്സരം<br>അവതരണങ്ങൾ | ജൂൺ, ജൂലൈ | ക്ലാസ് ടീച്ചർ<br>SRG<br>SMC | |
| ...തിയെത്തറി...<br>... | പ്രകൃതി നടത്തം<br>കാണാക്കാഴ്ചകൾ | സെപ്റ്റംബർ-ഡിസംബർ | ടീച്ചേഴ്സ്<br>SRG<br>SMC | SMC. |
| ...റിയാൻ-നാ...<br>...കൾ | കർഷകരുമായി<br>അഭിമുഖം<br>കൃഷിയിടത്തിലേക്ക്<br>നമുക്കും കർഷകരാകാം | ജനുവരി | SRG<br>SMC<br>നാട്ടുകാർ | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചിതമായ വ്യവ<br>രൂപങ്ങളിലൂ<br>ലേഖന മികവ് | 1 എഴുത്തും കുത്തും ലഘുരചനയിലേക്ക് നയിക്കുന്ന രചനാ ക്യാമ്പുകൾ<br>2. ലഘു പതിപ്പുകൾ തയ്യാറാക്കൽ | ഒക്ടോബർ<br>നവംബർ<br>ഡിസംബർ | SRG<br>SMC<br>കുട്ടികൾ<br>രക്ഷ് PTA<br>Staff | [illegible] |
| ർഗാത്മകതയെ<br>ടിയുണർത്താം | 3. രചനാശില്പശാല കഥ, കവിത, രചനകൾക്കുള്ള വേദിയൊരുക്കൽ | ഡിസംബർ<br>ജനുവരി | SMC<br>അധ്യാപകർ<br>കുട്ടികൾ<br>പ്രമുഖ വ്യക്തികൾ | SRG<br>SMC |

| നമ്പർ | പരിപാടിയുടെ പേര് | നിർവ്വഹണകാലം |
|---|---|---|
| 1. | മലയാളം മധുരം | ജൂൺ - മാർച്ച് |
| 2. | സംയുക്ത ഡയറി | " |
| 3. | പാട്ടരങ്ങ് | " |
| 4. | സചിത്രപുസ്തകം | " |
| 5. | റീഡേഴ്സ് തിയേറ്റർ | " |
| 6. | നാട്ടുവിശേഷക്കൂട്ടെഴുത്ത് | ജൂലൈ – മാർച്ച് |
| 7. | ക്ലാസ് പത്രം | ജൂലൈ – മാർച്ച് |
| 8. | രചനോത്സവം | ഓഗസ്റ്റ് |
| 9. | ഭാഷോത്സവം | ജൂലൈ – ഫെബ്രുവരി<br>ജനുവരി |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## മലയാളം.

## ക്ലാസ്സ് : 3

## ലക്ഷ്യങ്ങൾ

പാഠ്യ പദ്ധതി ലക്ഷ്യങ്ങളെ മുൻനിർത്തി എന്റെ കുട്ടികൾ എല്ലാവരും

* സംഘ പ്രവർത്തനങ്ങളിലേർപ്പെട്ട് ജനാധിപത്യ മൂല്യങ്ങൾ സ്വാംശീകരിക്കും, അവ ജീവിത സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കും.
* കവിതകളും പാട്ടുകളും അർത്ഥം വ്യക്തതയോടെ താളാത്മകമായി ചൊല്ലി അവതരിപ്പിക്കും.
* രചനകൾ ഭാവാത്മകമായി വായിക്കും.
* ആസ്വദിച്ച ഭാഷാവ്യവഹാരങ്ങൾ (കഥ, കവിത, നാടൻപാട്ട്, കടങ്കഥ, പഴഞ്ചൊല്ല്..... മുതലായവ) ഹൃദിസ്ഥമാവുകയും പുതിയ സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കുകയും ചെയ്യും.
* ലഘുവായ സർഗാത്മക രചനകൾ നടത്തും. (കഥ, കവിത, ഡയറി, ചിത്രം).
* കഥകളെയും കവിതകളെയും മറ്റും നാടകം, പാവനാടകം, ചിത്രീകരണം, റീഡേഴ്സ് തിയേറ്റർ തുടങ്ങിയ രീതികളിൽ അവതരിപ്പിക്കും.
* ലളിതമായ ആശയങ്ങൾ വ്യക്തതയോടെ എഴുതി അവതരിപ്പിക്കും (വിവരണം, സംഭാഷണം).

ഇതിനായി ഞാൻ നടത്തുന്ന മുന്നൊരുക്കങ്ങൾ.

ജൂൺ - ജൂലൈ

1 കനകച്ചിലങ്ക.

* നാടൻ പാട്ടുകൾ ശേഖരണം (വായ്ത്താരികൾ ഉള്ളത്)
* പഴഞ്ചൊല്ലുകൾ ശേഖരണം
* കഥാശേഖരണം - ക്ലാസ്സ് ലൈബ്രറി നവീകരണം (നാട്ടുകഥകൾ)
* നാടൻ പാട്ടിലെയും കവിതയിലെയും താളം (കവിത ചൊല്ലൽ ശില്പശാല).
* കഥോത്സവം (നാടൻ കഥകളുടെ അവതരണ ശില്പശാല)
* കടങ്കഥകൾ ശേഖരണം - കടങ്കഥ പാട്ടുകൾ - കടങ്കഥ പതിപ്പ് - കടങ്കഥ പയറ്റ്
* കഥയിലെ കേമൻ - കലാകാരനെ പരിചയപ്പെടാം - അഭിമുഖ സംഭാഷണം.
* കലാരൂപങ്ങൾ വേഷവിധാനം - ചിത്ര ശേഖരണം ആൽബം.
* പാവ നാടകത്തെ അടുത്തറിയാം - ശില്പശാല.
* അഗസ്റ്റ്, സെപ്റ്റംബർ

പലഹാര ചെപ്പ്.

- കുട്ടികൾ വരച്ച ചിത്രങ്ങളുള്ള പുസ്തകങ്ങൾ ലൈബ്രറിയിൽ ഒരുക്കിവയ്ക്കൽ.
- ക്ലാസ്സ് ലൈബ്രറിയിൽ കുട്ടിക്കഥകൾ ഒരുക്കി വയ്ക്കൽ.
- നാടക ശില്പശാല.
- [illegible]

- പലഹാരമേള - പാചക കുറിപ്പ് തയ്യാറാക്കൽ
- കത്തുകൾ മാതൃകകൾ.
- ഹരിത കർമ്മ സേന അംഗങ്ങളുമായി അഭിമുഖം
- സ്കൂൾ പടം.
- വിമല വിദ്യാലയം ശുചിത്വ പരിപാടി തയ്യാറാക്കൽ.

സി. പി. ടി. എ ഒന്നാം മികവുത്സവം

നാടോടിക്കഥകളുടെ അവതരണം
നാടൻ പാട്ടുകളുടെ അവതരണം
പാവ നാടകം അവതരണം

ഒക്ടോബർ

3. മനുഷ്യന്റെ കൈകൾ.

- കൃഷിയിടം സന്ദർശനം.
- കൃഷി പാട്ടുകൾ കൃഷി ചൊല്ലുകൾ അവതരണം.
- കുട്ടിക്കളികൾ; - കുട്ടിക്കാലത്തെ കളി അനുഭവങ്ങൾ വിവരണം പതിപ്പ്.
- നാടൻ പാട്ട് ശില്പശാല.

ലക്ഷ്യം : നാടൻപാട്ട് ചൊല്ലിയിടും സ്വയം താളം പിടിക്കും ചൊല്ലിയും ആശയം ഗ്രഹിച്ച് ആസ്വദിക്കുന്നതിൽ ആനന്ദം കണ്ടെത്തുക.

- വായ്ത്താരി നിർമ്മാണത്തിൽ സ്വയം പ്രാവീണ്യം നേടുക.
- പഴഞ്ചൊല്ലുകളും നാട്ടുമൊഴിവഴക്കങ്ങളും സ്വന്തം ഭാഷാപ്രയോഗങ്ങളിൽ ഉചിതമായി ഉൾപ്പെടുത്താൻ എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.
- സാഹിത്യരചനകൾ (കവിത, വിവരണം, വായിച്ചു കേട്ടും സ്വയം വായിച്ചും ആശയം ഗ്രഹിച്ച് ആസ്വദിക്കുക.

| Sl NO | പ്രവർത്തനം | കാലയളവ് |
|---|---|---|
| ① | വായ്ത്താരി ചന്തം<br>• വ്യത്യസ്ത ഈണങ്ങളിലുള്ള വായ്ത്താരികൾ അടങ്ങിയ നാടൻ പാട്ടുകൾ കേൾക്കുന്നു. അവതരിപ്പിക്കുന്നു.<br>വായ്ത്താരി മേളം.<br>• ശേഖരിച്ച വായ്ത്താരികൾ ചേരാത്ത സന്ദർഭങ്ങളെ ബാലസഭ എന്നിവയിൽ അവതരണം.<br>• വ്യത്യസ്ത ഈണത്തിൽ പാടനുള്ള അവസരം<br>• ശേഖരിച്ച വായ്ത്താരികൾ അടങ്ങിയ നാടൻ പാട്ടുകൾ അടങ്ങിയ പതിപ്പ് തയ്യാറാക്കൽ.<br>• നാടൻ പാട്ട് ശില്പശാല.<br>• പാവ നാടകം പരിചയപ്പെടുത്തൽ.<br>• പാവ നാടകം അവതരണം | ജൂൺ |
| ② | പഴഞ്ചൊൽ പൊലിമ.<br>• പഴഞ്ചൊല്ലുകൾ ശേഖരണം. | ജൂൺ<br>ജൂലായ് |

## ഒരു ദിനം ഒരു പഴഞ്ചൊല്ല്

- കുട്ടികൾക്ക് ഒരു ദിനം ഒരു പഴഞ്ചൊല്ല് നൽകുന്നു. പഴഞ്ചൊല്ലിലെ ആശയങ്ങൾ ക്രോഡീകരിക്കുന്നു.
- പഴഞ്ചൊൽ പൊലിമ എന്ന പതിപ്പ് നിർമ്മാണം.

## 3. റീഡേഴ്സ് തീയറ്റർ

ജൂലായ്

- കുട്ടികൾക്ക് പരിചിതമായ ഒരു കഥ നൽകുന്നു
- വായന അവസരം.
- കഥാപാത്ര വിശകലനം.
- കഥ പാത്രങ്ങളെ കണ്ടെത്തൽ.
- ആരാണ് നരേറ്റർ.
- നരേറ്റർ സംവദിക്കുന്ന സന്ദർഭങ്ങൾ. കണ്ടെത്തൽ.
- സ്ക്രിപ്റ്റ് രചന.
- സ്ക്രിപ്റ്റ് വായന.
- അവതരണം.

## 4 കടങ്കഥ

ജൂലായ് - ആഗസ്റ്റ്

- കടങ്കഥ മുൻ അറിവ് പരിശോധന.
- വിവിധ മേഖലകളുമായി ബന്ധപ്പെട്ട കടങ്കഥകളുടെ ശേഖരണം.
- കടങ്കഥ നിർമ്മാണം.
- കടങ്കഥ പതിപ്പ് തയ്യാറാക്കൽ.
- കടങ്കഥ ശില്പശാല.
- വ്യത്യസ്ത കലാരൂപങ്ങളുടെ പ്രദർശനം.
- ഡോക്യുമെന്ററി പ്രദർശനം.
- കലാരൂപങ്ങൾ [illegible]

5. കഥോത്സവം

- നാട്ടുകഥകൾ ശേഖരണം.
- നാട്ടുകഥകൾ അവതരണം.
- കഥാ പാഠം ചിത്രീകരണം.
- സ്വന്തം ആശയത്തിൽ കഥാവതരണം — ആഗസ്റ്റ്
- കഥാ പൂരണം.
- കേട്ട കഥകൾ പാവ നാടകമാക്കി അവതരിപ്പിക്കൽ.
- കഥ കഥ.... കഥ.... കഥോത്സവ്.
- നാട്ടുകഥകൾ പറയുന്ന മുതിർന്നവരെ കണ്ടെത്തുന്നു.
- ക്ഷണിതാവ് കഥ അവതരിപ്പിക്കുന്നു.
- ഓരോ കഥയുടെയും അവതരണത്തിനു ശേഷം ഉള്ളടക്ക ചർച്ച.

6 നിഘണ്ടു പരിചയം

- മലയാള അക്ഷരങ്ങൾ അകാരാദി ക്രമത്തിൽ എഴുതുന്നു. നിർദിഷ്ട വാക്കുകളുടെ അർത്ഥം കണ്ടെത്തുന്നു. — ജൂലായ്-മാർച്ച്

ലക്ഷ്യം

ആശയ വ്യക്തതയോടെ അക്ഷരത്തെറ്റില്ലാതെ എല്ലാ കുട്ടികളെയും വായിക്കാനും എഴുതാനും പ്രാപ്തരാക്കുക.

| Sl No | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1 | • കുട്ടി കേട്ട ഒരു കഥ പറയൽ. • അവധിക്കാല അനുഭവങ്ങൾ പറയൽ. • ഞാനും മൂന്നാം ക്ലാസിലേക്ക് (രക്ഷിതാക്കൾക്ക് മൂന്നാം ക്ലാസിൽ കുട്ടി നേടേണ്ട ഭാഷാ ശേഷികളെ കുറിച്ച്. കുട്ടികൾക്ക് നൽകേണ്ട പിന്തുണയെ കുറിച്ച് ബോധവത്കരണ ക്ലാസ്സ്). | ജൂൺ |
| 2. | രക്ഷിതാക്കളുടെ സഹായത്താൽ അക്ഷരകാർഡുകൾ | ജൂലൈ |

അക്ഷരങ്ങൾ ഇലയുടെ ആകൃതിയിൽ മരത്തിൽ ഒട്ടിക്കുക

- നിശ്ചിത പദങ്ങൾ ടെക്സ്റ്റിൽ നിന്നും കണ്ടെത്തൽ
- വീട്ടിലും ഒരു അക്ഷര മരം (രക്ഷിതാവ്)
- വീഡിയോ പ്രദർശനം (വാട്സാപ്പ്)

3. രക്ഷിതാക്കൾ, കുട്ടികൾ, എന്നിവർക്ക് വേണ്ടി അക്ഷര ചിത്രങ്ങൾ തയ്യാറാക്കുന്ന ശില്പശാല നടത്തുന്നു. തയ്യാറാക്കിയവയുടെ പ്രദർശനം. ആഗസ്റ്റ്

- അക്ഷര പൂരണം (ചിത്രങ്ങൾ നൽകി)
- അക്ഷര കാർഡുകൾ നൽകി വാക്കു നിർമ്മാണം

4. • വളരുന്ന അക്ഷര ലൈബ്രറി (ഓരോ ആഴ്ച്ചയും 5 ദിവസത്തേക്ക് 5 അക്ഷരങ്ങൾ നൽകുന്നു) അക്ഷരവുമായി ബന്ധപ്പെട്ട വാക്കുകൾ പാഠങ്ങൾ മാസികൾ എന്നിവയിൽ നിന്നും കണ്ടെത്തി വളരുന്ന അക്ഷര ലൈബ്രറിയിലേക്ക് ഒട്ടിക്കുന്നു. സെപ്റ്റംബർ
വായിക്കുന്നു.

- ഓണപ്പതിപ്പ് (ചിത്രങ്ങൾ, പദങ്ങൾ, പാട്ടുകൾ
- ഫീൽഡ് ട്രിപ്പ് – കൃഷിയിടത്തിലേക്ക് (പച്ചക്കറികൾ തിരിച്ചറിയുന്നു – പേരുകൾ എഴുതുന്നു)

5. • ചിത്രം നൽകി വായനാ കാർഡ് നിർമ്മാണം (രക്ഷിതാക്കളുടെ പങ്കാളിത്തത്തോടെ) വായിക്കൽ

- പദ ചങ്ങല – പദങ്ങൾ ചേർത്ത് വാക്യമാക്കൽ
- ആഭരണം അണിയിക്കാം (ചിഹ്നങ്ങൾ ചേർക്കുന്ന പ്രവർത്തനം) ഒക്ടോബർ
- ചിഹ്നങ്ങളും പദങ്ങളും നൽകിയ കാർഡ് നൽകി പദ നിർമ്മാണം
- തെറ്റ് തിരുത്തൽ

| | | |
|---|---|---|
| 6 | • ചിത്ര വായന.<br>• ചിത്രം നോക്കി കഥ പറയാം<br>• ഗ്രൂപ്പിൽ പറയുന്ന പാഠം മറ്റു ഗ്രൂപ്പുകാർ പുസ്തകം, വായനാ കാർഡ് നോക്കി പറയൽ<br>• കഥാപാത്രങ്ങളെ കണ്ടെത്തൽ കഥയിൽ (തങ്ങളാക്കി) സംഭാഷണം. | നവംബർ |
| 7. | • കൂട്ട വായന – കുട്ടികൾ പരസ്പരം സഹായിച്ച് വായിക്കുന്നു.<br>• വായന ചങ്ങല – വായനാ കാർഡ് നൽകൽ<br>• ചിത്രം നൽകി വിവരണം എഴുതൽ. | ഡിസംബർ. |
| 8 | • ചിത്രങ്ങളുടെ സഹായത്തോടെ ലളിതമായ അടിക്കുറിപ്പ് എഴുതൽ.<br>• രക്ഷിതാക്കൾക്ക് കവിത രചന മത്സരം തെരഞ്ഞെടുത്തവ ക്ലാസിൽ വായന കാർഡുകൾ<br>• വായന കാർഡിൽ വരികൾ കൂട്ടി ചേർക്കൽ രക്ഷിതാക്കളും കുട്ടികളും ആലപിച്ചവതരണം | ജനുവരി |
| 9 | • കുഞ്ഞു വായന ഗുണപാഠ കഥകളുടെ ചിത്രങ്ങൾ പുസ്തകങ്ങളായി നൽകുന്നു. ചിത്രങ്ങൾക്ക് താഴെ കഥാ സന്ദർഭം എഴുതി പൂർത്തിയാക്കൽ<br>• കൈയെഴുത്തു മാസിക.<br>• ക്ലാസ് ലൈബ്രറിയിലെ പുസ്തകങ്ങൾ വായിച്ച്<br>• സ്വന്തം ഭാഷയിൽ കഥ പറയുക.<br>• കഥ പൂർത്തിയാക്കൽ.<br>• ചിത്രം നോക്കി കഥ പറയലും കഥ എഴുതലും | ഫെബ്രുവരി |
| 10 | • വായനാക്കളരി രക്ഷിതാക്കളും കുട്ടികളും ചേർന്ന് വായനക്കാർഡ് നിർമ്മാണം | മാർച്ച് |

# ACADEMIC MASTER PLAN

# CLASS III

## ENGLISH

Name of Teacher
Stellamma Sebastian

Subject - English                    Class : 3

Learning Objective 1 - Listens to instructions and engage in activities

Duration - June to December

Activities

Give more chance to hearing instructions based on the day to day life and classroom.

Show the pictures of action verbs

Performing actions by hearing instructions and commands

2. Learning Objective - Describe the pictures

Activities                    June to March

Picture Description

Teacher shows a picture

Discussion

The children talk about the picture.

Slow learners - Give opportunity to express their ideas in malayam

9 LO - Reading card making

January to March

Distribute simple and familiar picture

Give chances to talk about picture

Find out the content.

Give more chance to use simple English words.

Distribute the model of English reading cards

Reading card making.

# English Std III

## June to August

~~Language~~ Learning Out comes

Describe the pictures

Picture Description

Arranges word in alphabetical order

Adds more exchanges to the conversation

suitable context.

Identifies rhyming words from the poem

**Activities**

The teacher shows apicture

Discussion

The children talk about the picture

**Slow learners**

Gives opportunity to express their idea in Malayalam

Introducing dictionary

Gives words

Arranging words in alphabetical order dian

Reading the conversation

Conversation is acting with

Adds more exchanges to the conversati

Slow learners

Gives opportunity to express their idea in Malayalam.

Identifies rhyming words.

Plays the audio of song.

Let the learner sing after the audio.

September, October, November.

---

~~Ad~~ Learning Out comes

Uses simple English while answerin interaction questions.

Selecting suitable words and compl the passage.

Write short descriptions

Makes simple riddles

Under takes simple project work given

Activities.

---

Gives children the opportunity to and answer simple questions.

Reads and comprehends simple picture

Gives Children the opportunity to hear and answer simple riddles.

Project works

Gives instructions.

Data collection

Text book activities.

December, January.

To express thoughts feelings etc.

Reading skill

Library books reading, book review, reading Conversations, skit stories use ICT materials.

Develop story.

Writing skills.

1. description

2 Thought

3 speech, quiz riddles.

February & March

To improve the presentation power.

1. Reads diary
2. Reads letters from friends.
3. Thought

Writingskills

1. diary
2. letter
3. Thought

# അക്കാദമിക് മാസ്റ്റർ പ്ലാൻ

# ഗണിതം

## ക്ലാസ് : 3

## ഗണിതം

ആസ്വദിച്ച് പഠിക്കാൻ കഴിഞ്ഞാൽ എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിയുന്ന വിഷയമാണ് ഗണിതം. പ്രവർത്തനങ്ങളെ കളികളായും സർഗാത്മക പ്രവർത്തനങ്ങളായും കണ്ണി ചേർത്തു കൊണ്ടാണ് ഗണിത പഠനം എന്ന രീതിയിലാണ് മൂന്നാം ക്ലാസിൽ അവതരിപ്പിക്കുന്നത്. കുട്ടികളുടെ താൽപര്യം ജിജ്ഞാസയും വളർത്താൻ ഉതകുന്ന വിധം പ്രവർത്തനങ്ങൾ ക്രമപ്പെടുത്തിയിട്ടുണ്ട്. യുക്തി ചിന്ത, വിശകലനാത്മക ചിന്ത, പ്രശ്ന പരിഹാരം എന്നീ ശേഷികൾ കുട്ടികൾ രൂപപ്പെടുന്നതിന് ജ്യാമിതി പ്രശ്നപരിഹാരം എന്നീ ശേഷികൾ കുട്ടികളിൽ രൂപപ്പെടുന്നതിന്) സഹായകരമാണ് അമൂർത്തമായ ആശയങ്ങൾ കൈകാര്യം ചെയ്യുന്നതിന് ജ്യാമിതി പ്രയോജനപ്രദമാണ്. സ്ഥല പരവും ദിശാപരവുമായ വിവരങ്ങൾ കൈകാര്യം ചെയ്യുന്നതിനും ജ്യാമിതി വളരെ പ്രധാന പങ്കുവഹിക്കുന്നു

ഒരക്കം മുതൽ മൂന്നക്കം വരെയുള്ള സംഖ്യകളെ കുട്ടികൾ ഇതിനോടകം തന്നെ പരിചയപ്പെട്ടിട്ടുണ്ട്. 2000 വരെയുള്ള സംഖ്യകൾ പറയുക, വായിക്കുക, എഴുതുക എന്നീ ശേഷികൾ നേടാനും നിത്യ ജീവിതത്തിന്റെ ഭാഗമായി നാണയങ്ങളും നോട്ടുകളും കൈകാര്യം ചെയ്യേണ്ടി വരുന്ന പ്രായോഗിക സന്ദർഭങ്ങളിൽ അത് ഉപയോഗപ്പെടുത്താനും മൂന്നാം ക്ലാസ്സിലെ ഗണിത പഠന ലക്ഷ്യം വെക്കുന്നു.

നിത്യജീവിത സന്ദർഭങ്ങളിലെ മൂന്നക്ക സംഖ്യകളുടെ സങ്കലന ക്രിയ ഉൾക്കൊള്ളുന്ന പ്രായോഗിക പ്രശ്നങ്ങൾ വിശകലനം ചെയ്ത് നിർധാരണം ചെയ്യുന്നതിനുള്ള ശേഷി കൈവരിക്കുന്നതിന് മൂന്നാം ക്ലാസിൽ ലക്ഷ്യമിടുന്നു. രണ്ട് മൂന്നക്ക സംഖ്യകളുടെ സങ്കലന ക്രിയ ചെയ്യുന്നതിനുള്ള വ്യത്യസ്ത വഴികൾ പരിചയപ്പെടാനും സന്ദർഭാനുസരണം സംഖ്യകളെ സ്ഥാന വിലയ്ക്ക് അനുസരിച്ച് പിരിച്ചെഴുതി സങ്കലനക്രിയ

നീളം അളക്കുന്നതിനുള്ള ഏകകങ്ങളായ സെന്റിമീറ്റർ മീറ്റർ എന്നിവ പരിചയപ്പെടുന്നതിന് അവസരം ഒരുക്കിയിരിക്കുന്നു. സ്കെയിൽ, ടേപ്പ് എന്നിവ ഉപയോഗിച്ച് നീളം കൃത്യമായി അളക്കാൻ ഉള്ള അവസരമാണ് കുട്ടികൾക്ക് ഒരുക്കുന്നത്. ഈ യൂണിറ്റുകൾ തമ്മിലുള്ള പരസ്പര ബന്ധം കണ്ടെത്താൻ പ്രയോഗിക പ്രശ്നങ്ങളുടെ നിർദ്ധാരണത്തിലൂടെ അവസരം ഒരുക്കിയിട്ടുണ്ട് അളവുകൾ ഊഹിച്ച് പറയുന്നതിനും നീളം കൃത്യമായി അളക്കുന്നതിനും ധാരാളം അവസരങ്ങൾ ഉണ്ട്.

9 വരെ സംഖ്യകളുമായി ബന്ധപ്പെട്ട ഗുണന വസ്തുതകൾ സംബന്ധിച്ച് ധാരണ കൈവരിക്കുന്നതിന് ലക്ഷ്യമിടുന്നു. പ്രായോഗിക പ്രശ്നങ്ങളും യൂണിറ്റിൽ അവതരിപ്പിക്കുന്നു. ഗുണന ചിന്തയോടൊപ്പം ഹരണ ചിന്ത വളർത്തുന്ന പ്രവർത്തനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

## വിഷയം : ഗണിതം

ലക്ഷ്യം:1

നിത്യ ജീവിതത്തിലെ വിവിധ അവസരങ്ങൾ കളികൾ എന്നിവയുടെ ഭാഗമായി ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയുന്നു. തരംതിരിക്കുന്നു; നിർമ്മിക്കുന്നു നിർമ്മാണങ്ങളിലും മറ്റും കാണുന്ന ജ്യാമിതിയുടെ ഭംഗി ആസ്വദിക്കുന്നു. രൂപങ്ങൾക്ക് നിറം നൽകി ഭംഗിയാർന്ന പാറ്റേണുകൾ നിർമ്മിക്കുന്നു. നിത്യ ജീവിതത്തിൽ നമ്മുടെ ചുറ്റുപാടും നിരീക്ഷിച്ച് വൈവിധ്യമാർന്ന പാറ്റേണുകൾ കണ്ടെത്തുന്നു. അവയുടെ സൗന്ദര്യം ആസ്വദിക്കുന്നു യുക്തി സമർപ്പിക്കുന്നു പാറ്റേണുകൾ വരയ്ക്കുന്നു.

| Sl NO | പ്രവർത്തനം | കാലയളവ്. |
|---|---|---|
| 1) | പ്രവേശനോത്സവം | ജൂൺ |

- വിവിധ ഗണിത രൂപങ്ങൾ കൊണ്ടുള്ള തോരണങ്ങളുടെ നിർമ്മാണം. രൂപങ്ങൾ തിരിച്ചറിയൽ; പ്രത്യേകതകൾ മനസ്സിലാക്കൽ.
- ഗണിത രൂപങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള ആശംസാ കാർഡ് നിർമ്മാണം.
- തൊപ്പി നിർമ്മാണം.
  രൂപങ്ങൾ കണ്ടെത്തൽ.
- ഗണിതരൂപങ്ങൾ ഉപയോഗിച്ച് വിവിധ ചിത്രങ്ങൾ തയ്യാറാക്കൽ
- ഗണിതരൂപ ചിത്ര പതിപ്പ് നിർമ്മാണം : ചിത്ര പാറ്റേണുകൾ പരിചയപ്പെടൽ.
- ചിത്ര പാറ്റേൺ മാഗസിൻ തയ്യാറാക്കൽ
- ജിയോ ബോർഡ് നിർമ്മാണം.
- വെജിറ്റബിൾ പ്രിന്റിങ് തയ്യാറാക്കൽ.
- [illegible] ഉപയോഗിച്ചു കൊണ്ടുള്ള

ലക്ഷ്യം-2 : മൂന്നാം ക്ലാസ്സിലെ മുഴുവൻ കുട്ടികൾക്കും 1 മുതൽ 2000 വരെയുള്ള സംഖ്യകൾ പറയുക: വായിക്കുക, എഴുതുക എന്നീശേഷികൾ ഉറപ്പിക്കുക.

| Sl No | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1 | കളം നിറയ്ക്കാം<br>1 to 100 വരെയുള്ള കളം ബോർഡ് ഉപയോഗിച്ച് സംഖ്യകളെ സ്ഥാനകളത്തിൽ തിട്ടപ്പെടുത്തി സംഖ്യകളെ യഥാസ്ഥാനത്ത് ക്രമീകരിക്കുക. | ജൂലായ്. |
| 2. | നറുക്കെടുക്കാം<br>- സംഖ്യകൾ- എഴുതിയ നറുക്ക് കുട്ടികൾക്ക് നൽകുന്നു.<br>-കിട്ടിയ സംഖ്യ വായിക്കാം.<br>- മറ്റുള്ളവർ സംഖ്യ എഴുതുന്നു. | ജൂൺ |
| 3. | 10 ചങ്ങാതിമാർ.<br>- സംഖ്യ നറുക്ക് ഇടുക്കുന്നു.<br>-കിട്ടിയ നറുക്കിലെ സംഖ്യ വായിച്ച ശേഷം തുടർന്ന് വരുന്ന 10 സംഖ്യകൾ എഴുതാൻ അവസരം. | ജൂൺ. |
| 4. | പാറ്റേൺ പൂർത്തിയാക്കാം<br>-വിവിധ സംഖ്യ പാറ്റേൺ പൂർത്തിയാക്കൽ. | ജൂൺ - സെപ്റ്റംബർ |
| 5. | ക്രമത്തിലാക്കാം.<br>- വ്യത്യസ്ത സംഖ്യകൾ നൽകുന്നു.<br>- ആരോഹണ ക്രമം, അവരോഹണ ക്രമം എഴുതുക | ജൂൺ ആഗസ്റ്റ് |

ലക്ഷ്യം-3 : മൂന്നാം ക്ലാസ്സിലെ മുഴുവൻ കുട്ടികൾക്കും മൂന്നക്ക/നാലക്ക സംഖ്യകളെ വ്യാഖ്യാനിക്കാനുള്ള ശേഷി ഉറപ്പിക്കൽ.

| Sl No | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1 | കൂട്ടങ്ങളാക്കാം.<br>- ഇഷ്ടമുള്ള ഒരു മൂന്നക്ക സംഖ്യ എഴുതാം<br>- കളി നോട്ട് / ഗ്രിഡ് ഉപയോഗിച്ച് 1, 10, 100, 1000 | ജൂൺ. |

2. സംഖ്യാ സൂത്രം

- ഓരോ കുട്ടിക്കും ഒരു മൂന്നക്ക സംഖ്യ ബോർഡിൽ എഴുതാം.
- ഗ്രൂപ്പായി തിരിഞ്ഞ് ബോർഡിൽ എഴുതിയ സംഖ്യകളെ വ്യത്യസ്ത രീതിയിൽ മാറ്റി എഴുതുന്നു. — 2 ആഴ്ച

ക്രമീകരിക്കാം — ജൂൺ സെപ്തംബർ

- അബാക്കസ് നിർമ്മാണം
- സംഖ്യകളെ അബാക്കസിൽ ക്രമീകരിക്കാം
- അരവിന്ദ് ഗുപ്ത കാർഡ് ഉപയോഗിച്ച് സംഖ്യ നിർമ്മിക്കാം

ലക്ഷ്യം 3: മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ശേഷി ഉറപ്പിക്കൽ അവസരം ഒരുക്കൽ.

| Sl No | പ്രവർത്തനം | കാലയളവ് |
| --- | --- | --- |
| 1 | ക്ലാസിൽ ഒരു കട (കുഞ്ഞുകട) കച്ചവട കളി<br>- കുട്ടികളുടെ ബുക്ക്, പേന, പെൻസിൽ, വെള്ളം അരി ect ചേർത്ത് അവയ്ക്ക് വില നൽകി കട ക്രമീകരിക്കുന്നു.<br>- ത്രാസ്, അളവ്, പാത്രങ്ങൾ ക്രമീകരിക്കുന്നു.<br>- ആവശ്യമുള്ളവ അളന്നെടുക്കുന്നു.<br>- കളിനോട്ട് ഉപയോഗപ്പെടുത്തി കച്ചവട കളി ഒരുക്കുന്നു. കടക്കാരനും കസ്റ്റമറും കുട്ടികൾ തന്നെ.<br>- സാധനം വാങ്ങുന്നതിനും പണം (കളിനോട്ട്) കൈകാര്യം ചെയ്യുകയും ചെയ്യുന്നു.<br>- ഗ്രൂപ്പിൽ ചർച്ച നടക്കുന്നു.<br>- പ്രയാസങ്ങൾ ഗ്രൂപ്പിൽ/ അദ്ധ്യാപകന്റെ സഹായത്തോടെ പരിഹരിക്കുന്നു. | |

സമയക്രമം

2. - ബ്ലാക്ക് & വൈറ്റ് ചാർട്ട് ഉപയോഗിച്ച് സമയക്രമം തയ്യാറാക്കുന്നു (am/pm).

ലക്ഷ്യം 4: മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു.

| Sl No | പ്രവർത്തനം | കാലയളവ് |
| --- | --- | --- |
| 1 | **സംഖ്യ ചക്രം**<br>സംഖ്യ ചക്രം കറക്കി 2 സംഖ്യകൾ തെരഞ്ഞെടുക്കുന്നു.<br>- അവ തമ്മിലുള്ള സങ്കലനം, വ്യവകലനം, ഗുണനം ഹരണം | ജൂലൈ - മാർച്ച് |
| 2 | **ഭാഗ്യവാനെ കണ്ടെത്താം**<br>- അദ്ധ്യാപകൻ ബോർഡിൽ ഒരു സംഖ്യ എഴുതുന്നു.<br>- വിവിധ ക്രിയകൾ അടങ്ങിയ നറുക്കുകൾ കുട്ടികൾക്ക് തെരഞ്ഞെടുക്കാൻ അവസരം നൽകുന്നു.<br>- ക്രിയ ചെയ്യാം<br>- ആരുടെ ഉത്തരം ആണ് ബോർഡിൽ ഉള്ളതെന്ന് കണ്ടെത്താം. | ജൂലൈ - ഫെബ്രുവരി |
| 3 | **ജോഡി കണ്ടെത്താം**<br>- വിവിധ ക്രിയകൾ അടങ്ങിയ പട്ടിക ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.<br>- കുട്ടികൾക്ക് സംഖ്യ നറുക്കുകൾ തെരഞ്ഞെടുക്കാൻ അവസരം നൽകുന്നു.<br>- കുട്ടികൾക്ക് കിട്ടിയ സംഖ്യ ചാർട്ടിലെ ഏത് ക്രിയയുടെ ഉത്തരം ആണെന്ന് കണ്ടെത്തി ആ കളത്തിൽ ഒട്ടിക്കാം | ഓഗസ്റ്റ് - ഫെബ്രുവരി |

അക്കാദമിക്
മാസ്റ്റർ പ്ലാൻ
പരിസര പഠനം.
ക്ലാസ്സ് : 3

## ലക്ഷ്യം

ചുറ്റുപാടുമുള്ള സസ്യങ്ങളെ അവയുടെ പ്രത്യേകതകൾക്കനുസരിച്ച് സാമ്യങ്ങളും വ്യത്യാസങ്ങളും നിരീക്ഷണങ്ങളിലൂടെ തിരിച്ചറിഞ്ഞ് സസ്യങ്ങളെ തരംതിരിക്കുകയും ലോകത്തിലെ വൈവിധ്യം അനുഭവിക്കുകയും ചെയ്യുക.

| Sl.No | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1 | ഞാനും എന്റെ പരിസരവും<br>ജൈവവൈവിധ്യ ഉദ്യാന സന്ദർശനം<br>സസ്യങ്ങളെ നിരീക്ഷിക്കൽ പ്രത്യേകതകൾ അനുസരിച്ച് തരംതിരിക്കൽ; മരങ്ങൾ കുറ്റി ചെടികൾ വർഗീകരണം; സസ്യങ്ങളുടെ വളർച്ച രീതികൾ മനസ്സിലാക്കൽ;<br>പൂന്തോട്ടം ഒരുക്കാം<br>• ജൈവവൈവിധ്യ ഉദ്യാന നിർമ്മാണം<br>• സ്കൂൾ പൂന്തോട്ട നവീകരണം.<br>• വീട്ടിൽ പൂന്തോട്ടം നിർമ്മിക്കൽ. | ജൂൺ ജനുവരി. |

## ലക്ഷ്യ-2

- പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക.
- ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താൽപര്യവും വളർത്തുക.

| Sl No | പ്രവർത്തനം | കാലയളവ്. |
|---|---|---|
| 1 | പ്രകൃതി നടത്തം<br>– ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കാം<br>– പ്രത്യേകതകൾ മനസ്സിലാക്കാം. | |

— ജീവികളുടെ പരസ്പരാശ്രയത്വം – ചർച്ച
— നമ്മുക്ക് ചുറ്റുപാടുമുള്ള മലിനീകരണ പ്രശ്നം അനുഭവിച്ചറിയാം. സ്വയം തിരുത്താം (ഫീൽഡ് ട്രിപ്പ്)
— പ്രകൃതിക്ക് ദോഷകരമാകുന്ന മനുഷ്യന്റെ ചില ഇടപെടലുകൾ (ചർച്ച – തെറ്റും ശരിയും) മനസ്സിലാക്കാം (ഡോക്യുമെന്ററി പ്രദർശനം)

പൂന്തോട്ടം ഒരുക്കാം
— സ്കൂൾ പൂന്തോട്ടം പരിപാലിക്കൽ. ജൂൺ – മാർച്ച്
— വീട്ടിൽ പൂന്തോട്ടം നിർമ്മിക്കൽ.

3 ഒരു തൈ നടാം
— പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈ നടീൽ മാർച്ച് മെയ്
— നട്ട വൃക്ഷത്തൈ പരിപാലിക്കൽ.

4 പോസ്റ്റർ നിർമ്മാണം
— പ്രകൃതിസംരക്ഷണ പോസ്റ്റർ തയ്യാറാക്കൽ
— പരിസരങ്ങളിൽ പതിക്കൽ

5 ദാഹജലം
— പൂന്തോട്ടത്തിൽ വേനൽക്കാലത്ത് കിളികൾക്ക് ദാഹജലം സജ്ജീകരിക്കാം.

ലക്ഷ്യം – 3

കുട്ടികളെ വ്യക്തി ശുചിത്വം പരിസര ശുചിത്വം ഉള്ളവരാക്കി മാറ്റുക.

| No | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1 | **ദിന കൃത്യങ്ങൾ**<br>- ഓരോ ദിനവും പ്രഭാതകൃത്യങ്ങൾ കഴിഞ്ഞ് സ്കൂളിൽ വരാവൂ എന്ന ബോധം ക്ലാസ്സ് ചർച്ചകളിലൂടെ ഉറപ്പിക്കുന്നു.<br>- കുട്ടികളെ ഗ്രൂപ്പുകളാക്കി ഓരോ ദിവസത്തെയും പരിശോധന ചുമതല ഓരോ ഗ്രൂപ്പിനായി നൽകുന്നു. | ജൂൺ മാർച്ച് |
| 2 | **നമ്പർ വൺ**<br>- ക്ലാസ്സ് തലത്തിൽ ശുചിത്വ മത്സരം.<br>- വ്യക്തി ശുചിത്വം, ക്ലാസ് റൂം പരിസര ശുചിത്വം എന്നിവ അടിസ്ഥാനപ്പെടുത്തി മാർക്ക് നൽകുന്നു. | ജൂലൈ മാർച്ച് |
| 3 | **പരിസര നടത്തം**<br>- നമ്മുടെ പരിസരത്തെ മലിനീകരണ പ്രശ്നം അടുത്തറിയാം – സർവ്വേ.<br>- മലിനീകരണം മൂലമുള്ള പ്രശ്നങ്ങൾ കണ്ടെത്തുന്നു.<br>- പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ. | ജൂൺ ഡിസംബർ |
| 4 | **നല്ല ശീലം**<br>- പോസ്റ്ററുകൾ തയ്യാറാക്കാം.<br>- പരിസരങ്ങൾ പഠിക്കാം. | ജൂലൈ മാർച്ച് |

## ലക്ഷ്യം-4

ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താത്പര്യം വളർത്തുക.

| No | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1 | **ഫീൽഡ് ട്രിപ്പ്**<br>നമ്മുടെ നാടിനെ, പരിസ്ഥിതിയെ അടുത്തറിയാനായി ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. (കുളം, വയൽ കാട്ടിൽ) | ജനുവരി മാർച്ച് |

| Sl NO | പ്രവർത്തനം | കാലയളവ് |
| --- | --- | --- |
| 2 | പരീക്ഷണങ്ങൾ<br>- ശാസ്ത്ര കൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു. | ഡിസംബർ ഫെബ്രുവരി |
| 3 | ശാസ്ത്രജ്ഞനോടൊപ്പം<br>- ക്യാമ്പ്<br>- മികച്ച ശാസ്ത്ര അധ്യാപകന്റെ സേവനം ലഭ്യമാക്കുന്നു. | ഡിസംബർ |
| 4 | പരീക്ഷണം<br>- ക്യാമ്പ്<br>- പക്ഷി നിരീക്ഷണത്തിന് അവസരം. | ജനുവരി മാർച്ച്. |

# ACADEMIC MASTER PLAN

## CLASS : 4

Name of class teacher :
Pincy Thomas
Govt LPS Pavackal

# ആമുഖം

കുട്ടിയുടെ സമഗ്രവികാസമാണ് ഓരോ രക്ഷിതാവും അധ്യാപകരും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത്, വായന, വിവിധ വ്യവഹാരരൂപങ്ങൾ എന്നിങ്ങനെ വിവിധ മേഖലകൾ കൂടി കൈവരിക്കേണ്ടതുണ്ട്. അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതിനൊപ്പം കുട്ടിയുടെ ശാരീരിക വൈകാരിക മാനസിക നേട്ടങ്ങൾ കൂടി കൈവരിക്കാൻ ഉതകുന്ന പ്രവർത്തനങ്ങൾ ആണ് ഈ മാസ്റ്റർ പ്ലാൻ ലക്ഷ്യം വയ്ക്കുന്നത്. സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. ഈ അധ്യയനവർഷം ജൂൺ മുതൽ മാർച്ച് വരെ നടപ്പിൽ വരുത്തുന്നതും തുടർപ്രവർത്തന സാധ്യത ഉള്ളതുമായ പ്രവർത്തനങ്ങൾ ആണ് ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

# ENGLISH

## OBJECTIVES

- To encourage active listening and speaking skills.
- To develop an English atmosphere that the children are engaging.
- To expand vocabulary for improved communication and comprehension
- Ensure fluency in reading and writing.
- To equip students with effective written communication skills.
- To establish a solid understanding of language elements.
- To develop a love for reading and literature
- To develop children's own stories and drafting books.
- To apply the language in day today life

| Name of the task | Activities | Duration |
| --- | --- | --- |
| English challenge | We can- Creates an English atmosphere.<br>Speak simple english sentences frequently.<br>Uses simple questions and lead to jokes<br>Prepare some story cards and short videos of it's reading.<br>Paste some English words on walls, doors shelf etc.<br>Makes use of some action songs and games also. | June to Marc |
| English Assembly | Listening : Teacher talk<br>Speaking : Prayer, pledge, news, riddles diary, quotes of eminent leaders, reader's theatre etc. | June to Marc |

| | | |
|---|---|---|
| Speech bubbles | Give chances for filling speech bubbles - eg Issac and Dilna.<br>Gives more chances in the next coming units also. | From June 4th week onwards. |
| My English World (MEW) | New words are introducing through pictures and appropriate sentences in different context to get it's meaning. Students have to keep them in notebooks as My English World. | June to March |
| Read and rejoice | Tells simple English stories with proper actions and voice modulations. Gives more stories having great values like brave, unity and kindness, honesty etc... for reading. | Once in a week. |
| Picture diary ✓ | Experience sharing and writing diary with suitable pictures | From July to March |

| | | |
|---|---|---|
| Hai English (English Club) | Various club activities Eg: Reader's theatre | July to February |
| My notice | Exhibits model notices. Leads to discussion and prepare school notices about major activities | From July to March. |
| Picture dictionary | At the end of each unit collect words, recorder them and create a picture dictionary | At the end of each unit |
| Creative space | Provide students with a set of story-related pictures They should sequence the events and develop a meaningful story based on them. | From july to February |
| Description | Gives different pictures to prepare a description (Describing words are introducing occasionally) | July to Marc |
| Riddles | Teacher asks some riddles, eliciting peculiarities of a riddle and gives 'riddles making' as a group work. | July to March |

| പ്രവർത്തനം | ലക്ഷ്യം | കാലം |
|---|---|---|
| • ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | → ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകി മുന്നോട്ട് കൊണ്ടുവരൽ | ലക്ഷ്യം നേ... നാളു വര... |
| • വായിക്കാം വളരാം<br>* ക്ലാസ് വായന<br>* ക്ലാസ് ലൈബ്രറി ഒരുക്കൽ<br>* പുസ്തക പരിചയം<br>* പുസ്തക വിതരണം<br>* വായനദിന-മാസാചരണം<br>• പ്രത്യേക അസംബ്ലി | വായനാശേഷി വളർത്തൽ | ജൂണിൽ ആരംഭം. വർഷാവസാനം വരെ<br><br>ജൂൺ -ജൂലൈ |

| | | |
|---|---|---|
| • കണ്ടറിയാം<br>കേട്ടറിയാം<br>- പാഠഭാഗവുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ പ്രദർശിപ്പിക്കൽ<br>- കവിതാഭാഗം - ഓഡിയോ കേൾക്കൽ | ICT | ജൂൺ മുത<br>മാർച്ച് വരെ |
| • രചനാപരിചയക്കുറിപ്പ് പറയുന്ന<br>• രചനാപരിചയക്കുറിപ്പ് എഴുതി തയ്യാറാക്കൽ | എല്ലാ കുട്ടികളും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക. | ജൂൺ<br>ജൂലൈ മു<br>മാർച്ച് വരെ |
| • കുട്ടികൾക്ക് അഭിനയത്തോടെ/ ഭാവാത്മക വായനക്ക് പരിശീലനം നൽകൽ - സംഭാഷണശൈലി, ശബ്ദവ്യത്യാസം എന്നിവ ഉപയോഗിച്ച് അഭിനയ വായന റീഡേഴ്സ് തിയേറ്റർ | വായനാതാൽപര്യവും അഭിനയവും വ്യക്തിത്വ വികാസവും ലക്ഷ്യം വയ്ക്കുന്നു. | മാസത്തിലൊ |
| • വിവിധ വ്യവഹാരരൂപങ്ങൾ തയ്യാറാക്കൽ പതിപ്പ് തയ്യാറാക്കൽ | വായന, എഴുത്ത്, സർഗാത്മകത എന്നിവ പരിപോഷിപ്പിക്കുന്നതിന് | ജൂൺ മുത<br>മാർച്ച് വരെ |

# പരിസരപഠനം

| പ്രവർത്തനങ്ങൾ | ലക്ഷ്യം | കാലയളവ് |
| --- | --- | --- |
| • പ്രകൃതി നടത്തം<br>⇒ പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | നിരീക്ഷണം - അറിവുനിർമ്മാണം | ജൂൺ മു<br>മാർച്ച് വരെ |
| • ശാസ്ത്രപഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ<br>⇒ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | ശാസ്ത്രപഠനം ലളിതവും രസകരവും താത്പര്യപ്രദവും ആക്കുന്നതിന്. | ജൂൺ മു<br>മാർച്ച് വ |
| • ഭൂപട വായന<br>⇒ ഭൂപട രചന<br>⇒ സൂചികാ നിർമ്മാണം. | കേരളം - ഇന്ത്യ ഭൂപട വായന സൂചിക പരിചയപ്പെടൽ | വർഷത്തില |
| • ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ<br>⇒ പതിപ്പു തയ്യാറാക്കൽ | ശാസ്ത്രപഠനം രസകരമാക്കൽ | ആവിശ്യാന |

| | | |
|---|---|---|
| • പതിപ്പ്, ചാർട്ട്, ആൽബം പഠനോപകരണം, പരീക്ഷണം ഇവയുടെ പ്രദർശനം | • ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | വർഷത്തിലെ... തിക്കൽ |
| • ശാസ്ത്ര മാസികയുടെ നിർമ്മാണം | • ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | വർഷത്തി... ഒന്ന്. |

അക്കാദമിക
മാസ്റ്റർ പ്ലാൻ
ക്ലാസ് - V
2025-26

# ആമുഖം

പാവയ്ക്കൽ ഗവ: LP സ്കൂളിലെ 5-ാം ക്ലാസിനായി ഒരു അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ തീരുമാനിച്ചു. അതിൻ പ്രകാരം HM-ന്റെ സാന്നിധ്യത്തിൽ 5-ാം ക്ലാസിലെ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന അദ്ധ്യാപകർ 1/1/2025 ന് ഒരു യോഗം ചേരുകയും ചെയ്തു. തുടർന്ന് നടന്ന ചർച്ചയിൽ ഓരോ വിഷയങ്ങളുടെയും പഠന സാഹചര്യങ്ങളും, ഭൗതിക സാഹചര്യങ്ങളും മെച്ചപ്പെടുത്തേണ്ടതുണ്ടെന്ന് അതിനായി ചില പ്രശ്ന പരിഹാര മാർഗങ്ങൾ നിർദേശിക്കുകയും ചെയ്തു. ഈ നിർദേശങ്ങൾ ക്രോഡീകരിച്ചുകൊണ്ട് തയ്യാറാക്കിയ അക്കാദമിക മാസ്റ്റർ പ്ലാനാണ് ഇവിടെ സമർപ്പിക്കുന്നത്.

# ലക്ഷ്യങ്ങൾ

- ക്ലാസിൽ ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് നേടേണ്ട മുഴുവൻ ശേഷികളു കുട്ടിക്ക് ലഭ്യമായെന്ന് ഉറപ്പ് വരുത്തുക.
- ഓരോ കുട്ടിയിലുമുള്ള കഴിവുകൾ കണ്ടെത്തുകയും അത് പരിപോഷിപ്പിക്കാനാ ശ്യമായ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക.
- കുട്ടിക്ക് മികവാർന്ന പഠനാന്തരീക്ഷവും ഭൗതിക സാഹചര്യങ്ങളും ഒരുക്കിക
- മുഴുവൻ ക്ലാസുകളിലും ഐസിടി സാധ്യത ഉറപ്പുവരുത്തുക.
- പഠനപിന്നോക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി അവർക്കാവശ്യമായ ക്ലാസുകളും പഠനതന്ത്രങ്ങളും ആവിഷ്കരിക്കുക.
- സമൂഹവുമായി വിദ്യാലയത്തെ ബന്ധിപ്പിക്കുന്നതിനുള്ള പരമാവധി പ്രവർത്തനങ്ങളിൽ ഏർപ്പെടുക.

# മലയാളം

| പ്രശ്നങ്ങൾ | പരിഹാരപ്രവർത്തനങ്ങൾ | കാലയളവ് |
| --- | --- | --- |
| • ഭാഷാപരമായ അടിസ്ഥാനശേഷികൾ കൈവരിക്കൽ. | • ഭാഷാപരമായി പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കായി വർക്ക്ഷീറ്റുകൾ തയ്യാറാക്കുന്നു. പഠനപ്രവർത്തനങ്ങൾക്ക് ശേഷം ഈ വർക്ക്ഷീറ്റുകൾ നൽകുന്നു.<br>• കുട്ടികൾക്ക് ഒഴിവ് സമയങ്ങളിലും വന്ന് വായിക്കാൻ പറ്റുന്ന രീതിയിൽ വായനാമൂല സജ്ജീകരിക്കുന്നു. വിവിധ നിലവാരക്കാർക്ക് അനുയോജ്യമായ പുസ്തകങ്ങൾ മാഗസിനുകൾ എന്നിവ ലഭ്യമാക്കുന്നു. | ജൂൺ മുതൽ |
| • കുട്ടികളിലെ വായനാശീലം കുറയുന്നതായി അനുഭവപ്പെടുന്നു. | • കുട്ടികൾക്ക് ഓരോ ആഴ്ചയും ലൈബ്രറി പുസ്തകങ്ങൾ നൽകുന്നു. അത് വായിച്ച ശേഷം വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ് എന്നിവ എഴുതുന്നു. വായിച്ച പുസ്തകങ്ങളെ അസംബ്ലിയിൽ പരിചയപ്പെടുത്താനുള്ള അവസരം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ. |

| | | |
|---|---|---|
| • ഉയർന്ന സാഹിത്യാഭിരുചി വളർത്താനുള്ള സാഹചര്യം ഇല്ലാത്തത്. | • പ്രാദേശികവും അല്ലാത്തതുമായ കലാകാരന്മാരെ പങ്കെടുപ്പിച്ചു കൊണ്ടുള്ള സെമിനാർ.<br>• കുട്ടികൾക്ക് അവരുടെ സാഹിത്യ വാസനകൾ പ്രകടിപ്പിക്കാൻ അവസരമൊരുക്കുന്നു.<br>• ലൈബ്രറി പുസ്തകങ്ങൾ നൽകിക്കൊണ്ട് വായനാവാസനയും മികച്ച ആസ്വാദനക്കുറിപ്പ് കണ്ടെത്തി പ്രോത്സാഹനം നൽകുന്നു. | ജൂൺ മുതൽ ആഗസ്റ്റ് വരെ. |
| • മലയാളവുമായി ബന്ധപ്പെടുത്തി സ്കൂൾ പഠനത്തിനും ആകർഷകമാക്കൽ. | • സാഹിത്യകാരന്മാരുടെ ചിത്രങ്ങൾ ശേഖരിച്ച് ചുമരിൽ പതിപ്പിക്കുന്നു. ചിത്രത്തിന് താഴെയായി അവരുടെ ലഘുജീവചരിത്രം രേഖപ്പെടുത്തുന്നു. | ജൂലൈ |
| • ആധുനിക സാങ്കേതിക വിദ്യകളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തൽ. | • ഇന്റർനെറ്റിൽ ലഭ്യമായ പുസ്തകങ്ങൾ ചേർത്തുകൊണ്ട് ഡിജിറ്റൽ ലൈബ്രറിയുണ്ടാക്കുന്നു. | സെപ്റ്റംബർ |

# അടിസ്ഥാന ശാസ്ത്രം

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് |
| --- | --- | --- |
| • പാഠ്യപദ്ധതിയിൽ പറഞ്ഞിരിക്കുന്ന ആശയങ്ങൾ പഠന നേട്ടങ്ങൾ കുട്ടികളെ ബോധവാന്മാരാക്കുക. | • വർക്ക് ഷീറ്റുകൾ തയ്യാറാക്കൽ<br>• നിരന്തര മൂല്യനിർണ്ണയം സാധ്യമാക്കുക.<br>• ശില്പശാലകൾ സംഘടിപ്പിച്ച് ഉപകരണങ്ങൾ നിർമ്മിക്കുക.<br>• ക്വിസ് ടെസ്റ്റുകൾ നടത്തുക. | ജൂൺ മുതൽ മാർച്ച് വരെ. |
| • ശാസ്ത്രത്തിന്റെ പ്രക്രിയാ ശേഷികൾ നിലവാരത്തിലേക്ക് ഉയർത്തുക. | • സ്കൂൾ ലാബ് ശാക്തീകരണം.<br>• ശാസ്ത്ര പരീക്ഷണ പ്രദർശനങ്ങൾ സംഘടിപ്പിക്കുക.<br>• എല്ലാ കുട്ടികൾക്കും ശാസ്ത്ര പരീക്ഷണം ചെയ്യാനുള്ള അവസരം ഒരുക്കുക.<br>• ശാസ്ത്ര പരീക്ഷണ കിറ്റ് ഓരോ കുട്ടിക്കും ലഭ്യമാക്കുക. | ജൂൺ മുതൽ ഡിസംബർ വരെ |

| | | |
|---|---|---|
| • കുട്ടികളിലെ ശാസ്ത്ര മനോഭാവം കൂടുന്നു. | • ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട പരിപാടികൾ സംഘടിപ്പിക്കുക. | സെപ്തംബർ നവംബർ. |
| • സ്കൂളിലെ ശാസ്ത്ര പഠനനിലവാരം മെച്ചപ്പെടുത്തൽ. | • പാഠഭാഗങ്ങളിലെ ആശയങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ചുമർ ചിത്രങ്ങൾ നിർമ്മിക്കുന്നു.<br>• ശാസ്ത്ര പരീക്ഷണങ്ങൾക്കായുള്ള നിരവധി സാമഗ്രികൾ ലഭ്യമാക്കുക.<br>• മെച്ചമായ പരീക്ഷണ ലാബുകൾ സജ്ജീകരിക്കണം. | ജൂൺ മുതൽ |

# ഗണിതം

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് |
| --- | --- | --- |
| • ഗണിതത്തിലെ മുഴുവൻ കഴിവുകളും നേടാൻ കുട്ടികൾക്ക് കഴിയുന്നില്ല. | • വർക്ക് ഷീറ്റ് നിർമ്മിച്ച് പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് നൽകുന്നു.<br>• കളികളിലൂടെ പഠനം നടക്കുന്നതിനായി ഗണിത കളിയുപകരണങ്ങൾ ശേഖരിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ |
| • മികച്ച ഗണിത ലാബുകളുടെ അഭാവം. | • ഗണിതോപകരണങ്ങൾ ശേഖരിച്ച് ഗണിത ലൈബ്രറികൾ ഉണ്ടാക്കുക. | ജൂൺ |
| • ഗണിതപഠനം ആകർഷകവും രസകര | • ഗണിത ക്ലബ്ബ് ശാക്തീകരിക്കുക.<br>• കളികളിലൂടെ പഠനം സാധ്യമാക്കുക. | ജൂൺ മുതൽ മാർച്ച് വരെ |

| | | |
|---|---|---|
| ...ഉയർത്താൻ കഴിയുന്നില്ല. | • പാട്ടുകൾ പസിലുകൾ തുടങ്ങി രസകരമായ കാര്യങ്ങൾ ഉൾപ്പെടുത്തുക. | ജൂൺ മുതൽ മാർച്ച് വരെ. |
| • ഗണിത സാഹിത്യ സൃഷ്ടികൾ പരിചയപ്പെടാനും സ്വയം രചനകൾ നടത്തുവാനും കഴിയുന്നില്ല. | • ഗണിത മാഗസിൻ<br>• ചുമർ പത്രികകൾ<br>• ഗണിത ശാസ്ത്ര മേള<br>• സെമിനാറുകൾ. | ജൂൺ മുതൽ... |
| • മികച്ച ഗണിതപ്രതിഭകളെ കണ്ടെത്താനും വളർത്താനും സാധിക്കുന്നില്ല. | • ഗണിത ക്വിസ് സംഘടിപ്പിക്കാം.<br>• കഴിവ് തെളിയിക്കാനുള്ള പ്രവർത്തനം നൽകാം.<br>• നിരന്തര മൂല്യനിർണ്ണയം. | നവംബർ മുതൽ മാർച്ച് വരെ. |

# ആരോഗ്യ കായിക വിദ്യാഭ്യാസം

| പ്രശ്നങ്ങൾ | പരിഹാരപ്രവർത്തനങ്ങൾ | കാലയളവ് |
| --- | --- | --- |
| • കുട്ടികളിൽ കായിക ക്ഷമതയുടെ കുറവ് | • കായിക ക്ഷമതയുള്ള കുട്ടികളെ തെരഞ്ഞെടുത്ത് അവശ്യമായ പരിശീലനം നൽകുക.<br>• പ്രദേശത്തുള്ള കായിക പ്രതിഭകളുടെ സേവനം ലഭ്യമാക്കുക.<br>• യോഗാ ക്ലാസുകൾ സംഘടിപ്പിക്കുക. | ജൂൺ മുത |
| • സ്പോർട്സ് ഉപകരണങ്ങളുടെ അഭാവം. | • കുട്ടികൾക്ക് പരിശീലനത്തിനാവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കുക.<br>• സ്പോർട്സ് ഉപകരണങ്ങൾ കേടുകൂടാതെയും, സുരക്ഷിതമായും വയ്ക്കാനുള്ള സൗകര്യം ഒരുക്കുക | ജൂൺ |

| | | |
|---|---|---|
| • കുട്ടികളുടെ ആരോഗ്യസ്ഥിതി അടുത്തറിയാൻ അവസരമില്ല. | • വൈദ്യ പരിശോധന<br>• ആരോഗ്യ ക്ലാസുകൾ<br>• സീസണൽ രോഗങ്ങളെക്കുറിച്ച് ബോധവത്കരണം. | ജൂൺ മുതൽ മാർച്ച് വരെ |
| • ശരിയായ ഭക്ഷണശീലങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മ. | • ആരോഗ്യ ക്ലാസുകൾ<br>• അടുക്കളത്തോട്ടം. | ജൂൺ |
| • പ്രഥമ ശുശ്രൂഷയെക്കുറിച്ചുള്ള ധാരണക്കുറവ്. | • വിദഗ്ധരുടെ ക്ലാസുകൾ<br>• പ്രഥമ ശുശ്രൂഷ കിറ്റ് - സൗകര്യം ലഭ്യമാക്കൽ. | ഒക്ടോബർ നവംബർ |

# കലാപഠനം

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| • പരിശീലനം ലഭിച്ച അധ്യാപകരുടെ അഭാവം. | • ഈ മേഖലയിൽ പരിശീലനം ലഭിച്ച അധ്യാപകരെ കണ്ടെത്തി ക്ലാസുകൾ സംഘടിപ്പിക്കുക. | ജൂൺ മുത |
| • വിവിധ കലാരൂപങ്ങളെക്കുറിച്ചുള്ള ധാരണക്കുറവ് | • വിവിധ കലാരൂപങ്ങളുടെ വേഷവിധാനങ്ങൾ, ഉപകരണങ്ങൾ എന്നിവ പരിചയപ്പെടാനും കാണാനുമുള്ള അവസരങ്ങൾ നൽകുന്നു. | നവംബർ ഡിസംബർ |
| • കലാപരമായ കഴിവ് വികസിപ്പിക്കുന്നതിന്. | • ആഴ്ചയിൽ ഒരു ദിവസം സാഹിത്യസമാജം സംഘടിപ്പിക്കുക.<br>• നാടൻ കലകളിൽ പ്രാവീണ്യം നേടിയവരെ പരിചയപ്പെടുത്തുക. | ജൂൺ മുത മാർച്ച് വര |

# പ്രവൃത്തി പരിചയം

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| • കുട്ടികൾക്ക് പരിശീലനത്തിന്റെ അഭാവം | • പരിശീലനത്തിനാവശ്യമായ അധ്യാപകരെ നിയമിക്കൽ.<br>• പ്രാദേശികമായി ലഭ്യമായ കലാകാരന്മാരെ ഉപയോഗിച്ച് പരിശീലനം സംഘടിപ്പിക്കുക. | ജൂൺ മാസം. |
| • അസംസ്കൃത വസ്തുക്കളുടെ അഭാവം | • പ്രാദേശിക വിഭവങ്ങളുടെ ശേഖരണം.<br>• പ്രവൃത്തിപരിചയ ലാബ് തയ്യാറാക്കുക. | ആഗസ്റ്റ്. |

# ഐ.ടി

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| • ആവശ്യമായ കമ്പ്യൂട്ടറുകളുടെ കുറവ് | • ആവശ്യമായ കമ്പ്യൂട്ടറുകളുടെ ശേഖരണത്തിന് പി.ടി.എ, പൂർവ്വവിദ്യാർത്ഥികൾ ഇവരെ സമീപിക്കുക. | |
| • വൈദ്യുതിയുടെ അഭാവം പരിഹരിക്കുക. | • മുഴുവൻ കമ്പ്യൂട്ടറുകളും പ്രവർത്തിപ്പിക്കാനാവശ്യമായ ഇൻവർട്ടർ സംവിധാനം ഒരുക്കുക. | |
| • പാഠഭാഗങ്ങൾ ഐ.സി.ടി സാധ്യത ഉപയോഗിക്കൽ. | • മുഴുവൻ ക്ലാസുകളിലും ലാപ്ടോപ്, പ്രൊജക്ടർ സംവിധാനം ഒരുക്കുക.<br>• എല്ലാ കമ്പ്യൂട്ടറുകളും LAN വഴി ബന്ധിപ്പിക്കുക. | |

# ENGLISH

| Learning Outcomes | Activities | Activity Details | Duration. |
|---|---|---|---|
| • Reads and Understands the given stories and poems. | Let's read | * Provides the opportunity to read simple stories and poems<br>* They tell the story they read. | June to March. |
| • Make simple riddles | Riddles | * Gives Children the opportunity to hear and answer simple riddles.<br>* Makes simple riddles<br>Slow learners<br>Gives opportunity to express their idea in Malayalam. | June to August |
| * Arranges words in alphabetical order | Dictionary | * Introducing the dictionary.<br>* Give words<br>* Arranging words in alphabetical order | July to March. |

| | | | |
|---|---|---|---|
| * Describes the pictures | Picture description | * Teacher shows a picture<br>* Discussion<br>* The Children talk about the picture.<br>Slow learners<br>Give opportunity to express their idea in Malayalam. | June to Decembe |
| * "Adds more exchanges to the conversation suitable to the context" | Conversation | * Reading the conversation<br>* Conversation is acting with friends.<br>* Adds more exchanges to the conversation.<br>Slow learners<br>Give opportunity to express their idea in Malayalam. | June to March. |

| | | | |
|---|---|---|---|
| * Identifies rhyming words from the poem | Rhyming words | * Plays the audio of song.<br>* Let the learner sing after the audio.<br>* Discussion<br>* Identifies rhyming words | July to November. |
| * Add lines to a poem following a set pattern. | Add More lines | * Plays the audio of song.<br>* Let the learner sing after the audio.<br>* Adds lines to the poem. | July to December. |

## അക്കാദമിക് മാസ്റ്റർ പ്ലാൻ - സോഷ്യൽ സയൻസ്

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| * കുട്ടികൾക്ക് പ്രദേശത്തെ കുറിച്ച് വ്യക്തമായ ധാരണ ഇല്ല | * പ്രാദേശിക ഭൂപടം തയ്യാറാക്കൽ<br>* ഓരോ ക്ലാസിലും ചുമരിൽ വാർഡ്, പഞ്ചായത്ത്, ജില്ല കേരളം, ഇന്ത്യ എന്നീ ഭൂപടങ്ങൾ തയ്യാറാക്കുക. | 6 മാസം | – | – |
| * കുട്ടികൾക്ക് പഴയകാല ഉപകരണങ്ങളെ കുറിച്ച് ധാരണക്കുറവ്. | * വീടുകളിൽ പഴയകാലത്ത് ഉപയോഗിച്ചിരുന്ന ഉപകരണങ്ങൾ, സാധനങ്ങൾ ശേഖരിക്കൽ<br>* സ്കൂളിൽ മ്യൂസിയം തയ്യാറാക്കൽ | 5 വർഷം | – | – |
| * പ്രാദേശിക വിഭവ സ്രോതസ്സുകൾ ഉപയോഗപ്പെടുത്തൽ | * വിദഗ്ധരായ ആളുകളുടെ ക്ലാസ് | – | – | – |
| * പ്രാദേശിക ചരിത്രത്തെ കുറിച്ചുള്ള ധാരണയില്ലായ്മ | * മുതിർന്ന പൗരന്മാരുമായി അഭിമുഖം<br>* ചരിത്ര പ്രാധാന്യമുള്ള പ്രാദേശിക സ്ഥലങ്ങളിലേക്ക് പഠനയാത്ര<br>(കാവ് സന്ദർശനം)<br>പ്രാദേശിക ചരിത്രം | – | – | – |

| | | | | |
|---|---|---|---|---|
| ...ാഠഭാഗം ലളിതവും ആകർഷ-കവും ആകുന്നില്ല. | * IT അധിഷ്ഠിത TM വികസിപ്പിക്കൽ<br>* വർക്ക് ഷീറ്റുകൾ വികസിപ്പിക്കൽ തയ്യാറാക്കൽ | | | |
| പാഠഭാഗവുമായി ബന്ധപ്പെട്ട ചരിത്ര സംഭവങ്ങൾ, സ്മാരകങ്ങൾ, സ്ഥലങ്ങൾ ഇവയെ നേരിട്ട് അനുഭവിച്ച് അറിയാനുള്ള ബുദ്ധിമുട്ട് | * സ്കൂൾ സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് ലൈബ്രറി<br>* സോഷ്യൽ സയൻസ് ലാബ്<br>* ഓരോ കുട്ടിക്കും ടാബ് വിതരണം<br>* Internet വഴി search വഴി ചെയ്ത് കണ്ടെത്താൻ അവസരം<br>* ക്ലാസിൽ സാമൂഹ്യ ശാസ്ത്രകോർണർ | 2 വർഷം മുതൽ 5വർഷം വരെ | — | — |
| ചരിത്ര പ്രധാന ദിനങ്ങളെ കുറിച്ചും ആഘോഷങ്ങളെ കുറിച്ചുമുള്ള ധാരണ കുറവ് | * ദിനാചരണം സംഘടിപ്പിക്കുക<br>* അഭിമുഖം<br>* വിവിധ ആഘോഷങ്ങൾ ജനകീയമായി സംഘടിപ്പിക്കുക | | | |
| കുട്ടികളുടെ അവകാശങ്ങളെ കുറിച്ചുള്ള അവബോധക്കുറവ് | * ക്ലാസ്, തെരുവ് നാടകം എന്നിവ സംഘടിപ്പിക്കുക | 2 മാസം | — | — |

| | | | | |
|---|---|---|---|---|
| ...ധർമ്മം മനസ്സിലാക്കുക | ★ വിദഗ്ധരായവരെ കൊണ്ട് ക്ലാസ് സംഘടിപ്പിക്കുക -<br>★ സമൂഹവുമായി ഇടപെടൽ<br>★ field trip<br>★ സ്കൂൾ പാർലമെന്റ് രൂപീകരിക്കുന്നു. | 1 വർഷം | | |
| ...ാവതൃവ്യ ശാസ്ത്ര അറിവുകളെ ...date ചെയ്യൽ. | ★ ബുള്ളറ്റിൻ ബോർഡ്<br>★ ഡിബേറ്റ് ക്ലബ് | 2025 മുതൽ. | | |

# അക്കാദമിക് മാസ്റ്റർപ്ലാൻ - ഹിന്ദി

| SL No | Programme | Activity | Duration | ഭൗതികം | ധനസഹായം |
|---|---|---|---|---|---|
| 1. | UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ | * അക്ഷരം എഴുത്ത്<br>* ചിഹ്നം ഉറപ്പിക്കൽ<br>* അക്ഷര കാർഡ്, വാക്കുകൾ എഴുതിയ കാർഡ്<br>* class ൽ അക്ഷരമാല പ്രദർശനം<br>* Online അക്ഷര മാല കളികൾ<br>* വാക്കുകൾ എഴുതിയ കാർഡുകൾ<br>* വാക്കുകൾ നിർമ്മാണം<br>* വാക്യങ്ങളുടെ നിർമ്മാണം.<br>* (HS വിഭാഗത്തിലെ പിന്നോക്ക വസ്ഥയിലുള്ള കുട്ടികളിൽ Pre-test നടത്തി ആദ്യമേ പ്രവർത്തനങ്ങൾ നടപ്പാക്കി) | June to August | അക്ഷര ചാർട്ട് പാഠപുസ്തകം. | BRC<br>DIET<br>SCERT (ആവശ്യമെങ്കിൽ)<br>Resource Teachers |
| 2 | വീട് ഒരു പരീക്ഷണശാല (കാണുന്നതും കേൾക്കുന്നതും | * വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക | September to October | ഹിന്ദി നിഘണ്ടു | PTA, BRC<br>Resource Teacher |

| | | | | | |
|---|---|---|---|---|---|
| | ഉപയോഗിക്കുന്ന തരമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പറയും | * ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം.<br>* CWSN കുട്ടികളുടെ പങ്കാളിത്തം. | November to February | പുസ്തകങ്ങൾ | BRC<br>DIET<br>PTA<br>SCERT |
| 3. | ആശയങ്ങൾ തെറ്റു കൂടാതെ പ്രകടിപ്പിക്കാനും സർഗ്ഗാത്മക രചനകൾ വികസിപ്പിക്കാനുമുള്ള അവസരം. (സരളി ഹിന്ദി) | * ഹിന്ദി അസംബ്ളി<br>* ദിനാചരണങ്ങൾ (പ്രത്യേകിച്ച് സെപ്തംബർ 14, ജനുവരി 10)<br>* ക്ലാസ്സ് ലൈബ്രറി<br>* അധിക വായന സാമഗ്രികൾ<br>* ചിത്രസഹായത്തോടെ<br>* ചിത്രകഥ തയ്യാറാക്കൽ<br>* ചിത്രം - അടിക്കുറിപ്പ്<br>* ചിത്രം - കഥ പറയൽ<br>* ചിത്രം - കഥ മെനയൽ<br>* കഥ ബാക്കി എഴുതൽ<br>* വായനമൂല<br>* ഹിന്ദി ക്ലബ്ബ് പ്രവർത്തനങ്ങൾ | | | |